# പേര (Guava)



അമേരിക്കൻ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ഉദ്ഭവം. പഴത്തിനായുള്ള കൃഷിയായും ലാൻഡ്സ്കേപ്പിങ്ങിന്റെ ഭാഗമായി വളർത്താം. പഴങ്ങൾക്ക് ദീർഘവൃത്താകൃതിയോ വൃത്താകൃതിയോ ആയിരിക്കും. ഉൾക്കാമ്പിന് വെളുത്ത നിറവും ചുവന്ന നിറവുമുള്ള ഇനങ്ങളുണ്ട്. ഒരു വർഷത്തിൽ രണ്ടു തവണയെങ്കിലും ഫലങ്ങൾ ലഭിക്കും. ധാതുക്കളുടെയും പോഷകങ്ങളുടെയും കലവറയാണ് പഴങ്ങൾ. നല്ല സൂര്യപ്രകാശത്തിലെന്നതു പോലെ ഭാഗികമായ തണലിലും വളരുകയും ഫലം തരുകയും ചെയ്യും. വേനലിനെ ചെറുത്തു നിൽക്കുന്നതിനുള്ള കഴിവുമുണ്ട്. വളരെ വേഗത്തിൽ വളരുന്നു.

# ചാമ്പ (Water apple)



തെക്കു കിഴക്ക് ഏഷ്യൻ രാജ്യങ്ങളിലാണ് ചാമ്പയുടെ ഉത്ഭവം. തിളങ്ങുന്ന പച്ച ഇലകളോടു കൂടിയ നിത്യഹരിത വൃക്ഷമാണിത്. 15–20 അടി വരെ ഉയരത്തിൽ വളരുന്നു. പഴങ്ങൾ അങ്ങനെതന്നെ കഴിക്കുന്നതിനാണ് ഉത്തമം. എന്നിരിക്കിലും ജാം, സിറപ്പ്, ജെല്ലി തുടങ്ങിയവ തയ്യാറാക്കുന്നതിനും ഇവ ഉപയോഗിക്കാം. മികച്ചയിനങ്ങളുടെ ചാമ്പയ്ക്കയിൽ കുരു കാണാറില്ല. ഇളം മധുരമാണ് സ്വാദ്. പച്ച, ചുവപ്പ്, റോസ് നിറങ്ങളിൽ കാണാറുണ്ട്.